പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3665 — 10/04/2013-ൽ മറുപടിക്ക്

## ഫണ്ടുകൾ ബാങ്കുകൾ വകമാറ്റി ചെലവഴിക്കുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീ സി. ഡി. എസ്സിന്റെ അക്കൗണ്ടിലേക്ക് വരുന്ന വിവിധ ഫണ്ടുകൾ ബാങ്കുകൾ വകമാറ്റി ലിങ്കേജ് ലോൺ കുടിശ്ശികയിലേക്ക് മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) വെണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അഗതി -ആശ്രയ പദ്ധതികൾക്കായി, വെണ്ണിക്കുളം സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ വെണ്ണിക്കുളം ശാഖയിൽ വന്നിട്ടുള്ള തുക ബാങ്ക് വകമാറ്റിയിട്ടുണ്ടോ; | (എ) & (ബി) വെണ്ണിക്കുളം എന്ന ഗ്രാമപഞ്ചായത്ത് ഉള്ളതായി അറിവില്ല. എന്നാൽ കോഴിക്കോട് ജില്ലയിൽ ഉണ്ണികുളം എന്ന ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ് ബൾക്ക് ലോണായി സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ഉണ്ണികുളം ശാഖയിൽ നിന്നും എടുത്ത 40,97,200 രൂപയിൽ കുടിശിക വന്ന 7,03,561 രൂപ ആശ്രയ ഫണ്ടിൽ നിന്നും ബാങ്ക് വകമാറ്റിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ഇതുമൂലം അഗതികൾക്കായുള്ള ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസ ചെലവുകൾ തുടങ്ങിയവ നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നത് ഗൗരവമായിക്കാണുമോ; | (സി) ഈ വിഷയം സർക്കാർ ഗൗരവമായി കാണുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിവിധ പദ്ധതി തുകകൾ ബാങ്കുകൾ ഏകപക്ഷീയമായി വകമാറ്റുന്ന നടപടി അവസാനിപ്പിക്കുന്നതിന് അടിയന്തിരമായി ഇടപെടുമോ? | (ഡി) | ഈ വിഷയത്തിൽ സർക്കാർ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ